പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1047** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ബോട്ടുകളിൽ ടി.ഇ.ഡി. ഘടിപ്പിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ട്രോൾ ബോട്ടുകളിലെ ട്രോൾ വലകളിൽ നിന്ന് ആമകളെ സുരക്ഷിതമായി വിടുന്നതിനുള്ള ഉപകരണം (ടി.ഇ.ഡി.) ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശത്ത് നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** TED സ്ഥാപിക്കുന്നതിലൂടെ വലയിൽ ലഭിക്കുന്ന ചെമ്മീൻ ഉൾപ്പെടെയുള്ള വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങളുടെ അളവ് കുറയാൻ സാധ്യതയുണ്ടെന്നും, അത് മൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്ന തെറ്റിദ്ധാരണയും, ആശങ്കയും തീരദേശത്ത് നിലനൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് TED ഘടിപ്പിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് മേൽ തെറ്റിദ്ധാരണയും ആശങ്കകളും പരിഹരിക്കുന്നതിന് നടപടികൾസ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഇതിനകം എത്ര ബോട്ടുകളിൽ ടി.ഇ.ഡി. ഘടിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തു നാളിതുവരെ 1237 TED കൾ വിതരണം ചെയ്തിട്ടുണ്ട്. 344 ട്രോൾ ബോട്ടുകളിലെ വലകളിൽ TED ഘടിപ്പിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന് TED നൽകുന്നതിനായി മത്സ്യഫെഡിനെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ മത്സ്യഫെഡിന് സമയബന്ധിതമായി TED വിതരണം ചെയ്യാൻ കഴിയാത്തതിനാൽ കേന്ദ്ര സർക്കാർ എംപാനൽ ചെയ്തിട്ടുള്ളതും കേരളത്തിലുള്ളതുമായ മറ്റ് ഏജൻസികളെയും TED വിതരണത്തിനായി പരിഗണിക്കുന്നുണ്ട്.

മത്സ്യബന്ധനയാനങ്ങളിൽ TED ഘടിപ്പിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | വകുപ്പിന് ആവശ്യമായ TED കളുടെ എണ്ണം | വിതരണം ചെയ്ത TED കളുടെ എണ്ണം | ഘടിപ്പിച്ച TED കളുടെ എണ്ണം |
|---|---|---|---|
| കൊല്ലം | 784 | 583 | 108 |
| ആലപ്പുഴ | 29 | 29 | 12 |
| എറണാകുളം | 550 | 226 | 146 |
| തൃശ്ശൂർ | 66 | 29 | 28 |
| മലപ്പുറം | 57 | 0 | 0 |
| കോഴിക്കോട് | 363 | 363 | 49 |
| കണ്ണൂർ | 165 | 7 | 1 |
| കാസർഗോഡ് | 62 | 0 | 0 |
| **ആകെ** | **2076** | **1237** | **344** |

തിരുവനന്തപുരം ജില്ലയിൽ TED ഘടിപ്പിക്കേണ്ട ബോട്ടുകൾ നിലവിൽ രജിസ്റ്റർചെയ്തിട്ടില്ല.

**(സി)** ഇതു സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പരാതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>മറുപടി:</u>** ട്രോൾ നെറ്റുകളിൽ TED ഘടിപ്പിക്കുന്നതുമൂലം കൂടുതൽ മത്സ്യങ്ങൾ വലകളിൽ നിന്നും രക്ഷപ്പെടാമെന്നും അത് വരുമാനത്തെ സാരമായി ബാധിക്കുമെന്നും മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ 24-07-2024-ൽ അന്നത്തെ ഫിഷറീസ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആശങ്ക അറിയിച്ചിട്ടുണ്ടായിരുന്നു.

കൂടാതെ മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും, വലകളിൽ മത്സ്യ ലഭ്യത കുറയുമെന്നും, തിരണ്ടി പോലുള്ള പരന്ന മത്സ്യങ്ങളും സ്രാവും TED വഴി ഇറങ്ങിപ്പോകാൻ സാധ്യതയുണ്ട് എന്നും, ഒരു TED മാത്രമാണ് വകുപ്പ് നൽകുന്നത് എന്നും ആയത് വലകളിൽ മാറി മാറി ഘടിപ്പിക്കേണ്ടി വരുന്നത് അധിക ജോലി ഭാരം ഉണ്ടാക്കുമെന്നും, അടിത്തട്ടിലുള്ള ചളി അടക്കമുള്ള മാലിന്യങ്ങൾ വലയിൽ കുടുങ്ങാൻ സാധ്യതയുണ്ട് തുടങ്ങിയ പരാതികൾ മത്സ്യമേഖലയിൽ നിന്നും ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**